കാസർഗോഡ് ജില്ലയിൽ അടോട്ട് തോടിനുകുറുകെ W.C.B. നിർമ്മാണം

76 (3285) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ അജാനൂർ പഞ്ചായത്തിലെ അടോട്ട് തോടിന്റെ കുറുകെയുള്ള W.C.B.-ക്ക് നബാർഡിന്റെ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ നല്കാമോ ;

(സി) പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) ഈ W.C.B.-യുടെ നിർമ്മാണം എന്ന് തുടങ്ങാനാവും എന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. 2-7-2004-ലെ നബാർഡ് ഉത്തരവ് നമ്പർ N.B-SPD/370/A.I.C.F. (കേരള)2 P.S.C./2004-05 പ്രകാരം സംസ്ഥാന ഗവൺമെന്റ് വിഹിതം ഉൾപ്പെടെ 52 ലക്ഷം രൂപ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.

(സി) ടെണ്ടർ ചെയ്തിട്ടില്ല. നബാർഡ് അനുമതി ലഭിച്ചത് 1999 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമുള്ള എസ്റ്റിമേറ്റിനായിരുന്നു. 1-12-2004 മുതൽ പുതിയ ഷെഡ്യൂൾ ഓഫ് റേറ്റ് നിലവിൽ വന്നതിനാൽ പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നല്കേണ്ടതുണ്ട്. പ്രസ്തുത അനുമതിക്കുവേണ്ടി നടപടികൾ ധൃതഗതിയിൽ സ്വീകരിച്ചുവരുന്നു.

(ഡി) ഭരണാനുമതിയും സാങ്കേതികാനുമതിയും നല്കിയശേഷം ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് പണികൾ തുടങ്ങുന്നതാണ്.

പടിയൂർ വാട്ടർ സപ്ലൈ സ്കീം

77 (3288) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പടിയൂർ വാട്ടർ സപ്ലൈ സ്കീമിന്റെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിന്റെ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായെന്നും ഏതെല്ലാം പ്രവർത്തികൾ ഇനി അവശേഷിക്കുന്നുവെന്നും അറിയിക്കുമോ ;

(സി) എന്നാണ് പ്രസ്തുത പ്രവൃത്തി ആരംഭിച്ചത്;

(ഡി) പദ്ധതി എന്നത്തേക്ക് പൂർണ്ണമായും കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പടിയൂർ വാട്ടർ സപ്ലൈ സ്കീമിന്റെ പ്രവൃത്തി പുരോഗമിച്ചു വരുന്നു.

(ബി) ഇതിന്റെ ഇൻടേക്ക്‌വെൽ, പമ്പ് ഹൗസ്, മൂന്ന് റിസർവോയറുകൾ, 30 കി.മീ. ഡിസ്ട്രിബ്യൂഷൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ഗ്രാവിറ്റി മെയിനുകൾ എന്നിവയുടെ പണി പൂർത്തിയായി. ഫിൽട്ടർ പ്ലാന്റ്, ഭൂതല സംഭരണി, റോ വാട്ടർ പമ്പിംഗ് മെയിൻ, പമ്പ് സെറ്റ്, 60 കി. മീ. വിതരണ ശൃംഖല എന്നിവയുടെ പണി പൂർത്തിയാക്കാനുണ്ട്.

(സി) 2000-ൽ.

(ഡി) 2006 മാർച്ചിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ബാലുശ്ശേരി അങ്ങാടിയിലെ ശുദ്ധജലവിതരണം

78 (3287) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി അങ്ങാടിയിലും പരിസരപ്രദേശങ്ങളിലും ശുദ്ധജലം വിതരണം ചെയ്യുന്നത് ഏത് പദ്ധതിയിൽ നിന്നാണ് എന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ പദ്ധതിയുടെ ജലസംഭരണശേഷിയും പമ്പിംഗ് ശേഷിയും എത്രയാണ് എന്ന് വ്യക്തമാക്കാമോ ;

(സി) പമ്പിംഗ് സൗകര്യവും സംഭരണ ശേഷിയും വർദ്ധിപ്പിക്കണം എന്നുള്ള പഞ്ചായത്തിന്റെ അഭ്യർത്ഥനയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ബാലുശ്ശേരി ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽ നിന്നാണ് ബാലുശ്ശേരി അങ്ങാടിയിലും പരിസര പ്രദേശങ്ങളിലും ശുദ്ധജലം വിതരണം ചെയ്യുന്നത്.

(ബി) ഈ പദ്ധതിയുടെ സംഭരണശേഷി 75000 ലിറ്ററും പമ്പിംഗ് ശേഷി 0.15 എം.എൽ.ഡി.-യുമാണ്.

(സി) പമ്പിംഗ് സൗകര്യവും സംഭരണശേഷിയും വർദ്ധിപ്പിക്കണം എന്നുള്ള പഞ്ചായത്തിന്റെ അഭ്യർത്ഥന ജലവിഭവ വകുപ്പിൽ ലഭിച്ചിട്ടില്ല. പ്രസ്തുത പദ്ധതി 31-1-2003-ന് പഞ്ചായത്തിന് കൈമാറിയിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly